# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2980** **18.06.2018-ൽ മറുപടിയ്ക്ക്**

## കടലോര നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് കടലോര നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | എ) യും ബി) യും കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്ന ഒരു പ്രത്യേക പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 2 മുതൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്.<br><br>പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ<br><br>2. 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം<br><br>3. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ |

4. മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം

പദ്ധതി നിർവ്വഹണത്തിനായി 2017-18, 2018-19 വർഷങ്ങളിൽ 150 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| സി) കാസർകോഡ് ജില്ലയിൽ എവിടെ-യൊക്കെ വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | സി) മത്സ്യത്തൊഴിലാളികളുടെ പൂർണ്ണ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സ്വന്തം നിലയിൽ കണ്ടെത്തുന്ന ഭൂമി റവന്യൂ വകുപ്പ് മുഖേന വില നിശ്ചയിച്ച് മത്സ്യത്തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്ത് നൽകുകയാണ് ചെയ്യുന്നത്. കാസർഗോഡ് ജില്ലയിലെ എല്ലാ മത്സ്യഗ്രാമങ്ങളിലും ഈ പദ്ധതി നടപ്പാക്കി വരുന്നു. ജില്ലയിൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഫ്ളാറ്റ് നിർമ്മാണത്തിന് ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങളും നടന്നു വരുന്നു. അനുയോജ്യമായ ഭൂമി കണ്ടെത്തി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ